ഉത്തരം

(എ) ഉണ്ട്.

(ബി) വിശദമായ എസ്റ്റിമേറ്റും ഡിസൈനും പി. ഡബ്ല്യു. ഡി. തയ്യാറാക്കി ടെണ്ടർ വിളിക്കാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പെരുവണ്ണാമൂഴിയിൽ ഒരു ടൂറിസ്റ്റ് കേന്ദ്രം

78. [96] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലം ടൂറിസ്റ്റുകേന്ദ്രമാക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏഴാം പദ്ധതിക്കാലത്ത് ടൂറിസം വികസന പ്രവർത്തനങ്ങൾ ട്രാവൽ സർക്യൂട്ട് അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരമുള്ള അത്തരം ട്രാവൽ സർക്യൂട്ടുകളിൽ പെരുവണ്ണാമൂഴി ഉൾപ്പെടുന്നില്ല. പരിമിതമായ വിഭവലഭ്യതയും ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ ബാഹുല്യവും നിമിത്തം പുതിയ സ്ഥലങ്ങളുടെ വികസനം ഏറ്റെടുത്ത് നടത്തുവാൻ തൽക്കാലം നിവർത്തിയില്ല.

സ്പെഷ്യൽ കംപോണന്റ് സ്കീം പ്രകാരം ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക

79. [97] ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, വി. കെ. രാജൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പെഷ്യൽ കംപോണന്റ് സ്കീം പ്രകാരം ഓരോ വകുപ്പ് മുഖാന്തിരം 1986-87-ൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ എത്ര ;

(ബി) അതിൽ 1986 സെപ്റ്റംബർ 30 വരെ എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) വിവരം ശേഖരിച്ചു വരുന്നു.

താൽക്കാലിക ജീവനക്കാരായ ഹരിജനങ്ങളെ സ്ഥിരപ്പെടുത്താൻ നടപടി

80. [98] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഹരിജന ക്ഷേമ വർഷത്തിൽ സർവ്വീസിലുള്ള താൽക്കാലിക ജീവനക്കാരായ ഹരിജനങ്ങളെ സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

† അനുബന്ധം VI.

LIBRARY ARCHIVES Kerala Legislative Assembly